ഒരു സ്റ്റേഷനിൽ 3 കൊല്ലം ജോലി ചെയ്തവർക്ക് അവരുടെ റിക്വസ്റ്റ് അനുസരിച്ച് സ്ഥലംമാറ്റം നൽകാൻ തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : പശുവും ചത്തില്ല, മോരിലെ പുളിയും പോയില്ല. എങ്കിലും ഈ കാര്യങ്ങൾ പരിശോധിക്കാം.

ശ്രീ. ഈ. പത്മനാഭൻ : പശു ചത്താലും മോരിലെ പുളി പോകുകയില്ല എന്നു ബോദ്ധ്യമായി. റിക്വസ്റ്റ് ട്രാൻസ്ഫറിനു മുൻപ് അനുസരിച്ച് റ്റി.എ.യും ജോയിനിംഗ് ടൈമും പേയും ഇല്ല. എന്നാൽ ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡിൽ എല്ലാ ട്രാൻസ്ഫറിനും റ്റി.എ.യും, ഡി.എ.യും ജോയിനിംഗ് ടൈമും ശമ്പളവും നൽകുകയില്ല എന്ന ഒരു വ്യവസ്ഥയുണ്ട്. അതൊന്ന് പുനഃ പരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം ന്യായമായ നോംസിന്റെ അടിസ്ഥാനത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. നോംസിനു വിരുദ്ധമായി എന്തെങ്കിലും ഉണ്ടെങ്കിൽ അക്കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിച്ചാൽ അതിനു പരിഹാരം ഉണ്ടാക്കാം.

ശ്രീ. ഈ. പത്മനാഭൻ : റിക്വസ്റ്റ് ട്രാൻസ്ഫറിനു റ്റി.എ.യും ഡി.എ.യും ഇല്ല എന്നു രൂഢം ഉണ്ട്. അത് അംഗീകരിക്കാതെ ഇലക്ട്രിസിറ്റി ബോർഡിൽ ഇന്നു എല്ലാ ട്രാൻസ്ഫറിനും റ്റി.എ.യും ഡി.എ.യും ജോയിനിംഗ് ടൈമും പേയും നൽകുകയില്ല എന്ന വ്യവസ്ഥ വച്ചിരിക്കുന്നു. ഇത് പുനഃ പരിശോധിക്കുമോ ?

ശ്രീ. കെ. എം. മാണി : റൂളുകളും ചട്ടങ്ങളും പാലിച്ചുകൊണ്ടുമാത്രമേ ട്രാൻസ്ഫറുകളും നടത്താറുള്ളൂ. റൂളുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി എന്തെങ്കിലും നടപടികൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം.

(2) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സൗജന്യ നിയമസഹായ ബോർഡ്

* 401. [461] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഹൈക്കോടതി തലത്തിലും, ജില്ലാ താലൂക്ക് തലങ്ങളിലും സൗജന്യ നിയമസഹായ ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 1-2-1984-ലെ 7/84/നിയമവകുപ്പ്-നമ്പർ സർക്കാർ ഉത്തരവു പ്രകാരം ഒരു നിയമസഹായ ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ജില്ല/താലൂക്ക്/ഹൈക്കോടതി തലങ്ങളിൽ നിയമസഹായം കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള അധികാരം പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം നിയമസഹായ ബോർഡിനു നൽകുന്നുണ്ട്. അതനുസരിച്ച് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ബോർഡ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള സ്കീമിന്റെ വിവിധ വശങ്ങളെക്കുറിച്ച് പരിഗണനയിലിരിക്കുകയാണ്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരമുള്ള ബോർഡ് സർക്കാർ തലത്തിൽ രൂപീകരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ബി) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവു പ്രകാരം ബോർഡ് തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തിനു സമർപ്പിച്ചിട്ടുള്ള സ്കീമിനു അന്തിമരൂപം നൽകപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly